# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. *316

24.06.2013-ൽ മറുപടിയ്ക്ക്

### പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. സദാശിവൻ<br>" എസ്. രാജേന്ദ്രൻ<br>" പുരുഷൻ കടലുണ്ടി<br>" കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | (എ) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ നേരിയ വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ വിഭാഗങ്ങൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടാകുമ്പോൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിലും മറ്റ് മേൽ നടപടികൾ സ്വീകരിക്കുന്നതിലും പോലീസ് വീഴ്ച വരുത്തുന്നതായ പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) ഇത്തരത്തിൽ കാസർഗോഡ് ജില്ലയിൽ ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട പീഡനത്തിനിരയായ സാവിത്രി എന്ന യുവതിയുടെ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്യാതിരുന്ന രാജപുരം പോലീസ് സ്റ്റേഷനിൽ എസ്.ഐ.ആയിരുന്ന കൃഷ്ണൻ. കെ. എന്നയാൾക്കെതിരെ ടി സ്റ്റേഷനിൽ ക്രൈം നം. 64/12 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് രണ്ടാം പ്രതിയായി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ടിയാനെ കുറ്റ വിമുക്തനാക്കിക്കൊണ്ട് ഹോസ്ദുർഗ് JFCM കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി - പട്ടിക വർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളിന്മേൽ എസ്.സി./എസ്.റ്റി.(പി.ഒ.എ) ആക്ട് 1989 ലെ വകുപ്പുകൾ പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പു |

കൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് ഡി.വൈ.എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി സമയബന്ധിതമായി റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 03.05.2013-ൽ നടന്ന പട്ടികജാതി പട്ടികവർഗ്ഗ സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിന്റെ നിർദ്ദേശം അനുസരിച്ച് 2008-2012 വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിവാരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ അന്വേഷണം അടിയന്തിരമായി പൂർത്തിയാക്കി നിർദ്ദിഷ്ട കോടതികൾ മുമ്പാകെ ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള അതിക്രമങ്ങളെക്കുറിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ ബോധവൽക്കരിക്കുന്നതിനും അവരുടെ പരാതികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിനുമായി **50** ട്രൈബൽ പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. അതു കൂടാതെ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള 3 എസ്.എം.എസ്. യൂണിറ്റുകൾ (പാലക്കാട്, വയനാട്, കാസർഗോഡ്) കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗപ്പെടുത്തി എസ്.എം.എസ്. യൂണിറ്റുകൾക്ക് പുതിയ വാഹനങ്ങൾ, കമ്പ്യൂട്ടറുകൾ,

ഫോട്ടോ കോപ്പിയർ എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം റൂറൽ, കോഴിക്കോട് റൂറൽ, ഇടുക്കി, കൊല്ലം റൂറൽ, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി എസ്.എം.എസ്. യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**